പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 202 **27-10-2026-ൽ മറുപടിയ്ക്ക്**

വിദ്യാർഥി നേതാക്കൾക്ക് കൈവിലങ്ങ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) അടുത്തകാലത്ത് തലസ്ഥാനത്ത് വിദ്യാർഥി സമരങ്ങളിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച പ്രമുഖ വിദ്യാർഥി സംഘടനാനേതാക്കളെ കൈവിലങ്ങു ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഹു. സുപ്രീംകോടതി ഉത്തരവുകളും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി കൈവിലങ്ങ് അണിയിക്കാനിടയായ സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ;

മറുപടി: ജുഡീഷ്യൽ കസ്റ്റഡിയിലായിരുന്ന രണ്ട് പ്രതികളെ തിരുവനന്തപുരം ജില്ലാ ജയിലിൽനിന്ന് ലഭിച്ച Requisition പ്രകാരം, തിരുവനന്തപുരം സിറ്റി DHQ ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥർ 10.09.2026-ന് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിരുന്നു. പ്രസ്തുത റിക്വിസിഷനിൽ strong escort നിർദേശിച്ചിരുന്നതിനാൽ പ്രതികളെ ജയിലിൽനിന്ന് കോടതിയിലേക്ക് കൊണ്ടു പോകുന്നതിനിടയിൽ അവരെ കൈവിലങ്ങ് അണിയിക്കാനിടയായ സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ, ഇവർ വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട കേസിലെ പ്രതികളാണെന്ന വിവരം അറിഞ്ഞയുടൻ തന്നെ കൈവിലങ്ങ് മാറ്റിയിട്ടുള്ളതാണ്.

(സി) വിദ്യാർഥി സമരത്തിൽ പങ്കെടുത്തവരെ പിടികൂടുന്നതിന് പ്രത്യേക അന്വേഷണസംഘത്തിന് പോലീസ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് ഇതെന്ന് വിശദമാക്കാമോ?

മറുപടി: പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ